# സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ

# അന്തിമ റിപ്പോർട്ട്

# ഈരാറ്റുപേട്ട ബൈപ്പാസ് റോഡ്

# പ്രൊജക്ട് റീച്ച് - I

സമർപ്പണം

ജില്ലാകളക്ടർ, കോട്ടയം

തീയതി : 01-05-2019



SIA Unit


യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ

സോഷ്യൽ സർവ്വീസ് സെന്റർ

എം. എ കേളേജ് പി ഒ കോതമംഗലം - 686 666 കൊച്ചിൻ, കേരളം

9446510628 | 0485 2971222

www.ysso.net | ysso95@gmail.com

## സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ അന്തിമ റിപ്പോർട്ട്

# ഈരാറ്റുപേട്ട ബൈപ്പാസ് റോഡ്

# പ്രൊജക്ട് റീച്ച് - I

## സമർപ്പണം

## ജില്ലാകളക്ടർ, കോട്ടയം മുമ്പാകെ

SIA UNIT
യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ
സോഷ്യൽ സർവ്വീസ് സെന്റർ
കോളേജ് പി.ഒ.
കോതമംഗലം 686666
ഫോൺ : 9846510628

यूत्त सोष्यल सरवीस ओरगैनैसेषन
सोष्यल सरवीस सेन्टर
एं.ए. कालेज पी.ओ.,कोतमंगलम - 686 666,कोच्ची,केरला, इन्डया
Ph: 9446510628 | 0485 2971222 | 9645994000

Youth Social Service Organization
Social Service Center
M.A College P.O, Kothamangalam - 686 666, Cochin,Kerala
9446510628 | 0485 2971222 | 9645994000
www.ysso.net | ysso95@gmail.com

Executive Director
Fr. Jose Paruthuvayalil

# സാക്ഷ്യപത്രം

കോട്ടയം ജില്ലാ ഭരണകൂടം 2019 ജനുവരിയിൽ പുറപ്പെടുവിച്ച G1-52650/14 ഉത്തരവ് പ്രകാരം ഈരാറ്റുപേട്ട ബൈപാസ് എം.ഇ.എസ്. ജംഗ്ഷൻ ബൈപാസ് റോഡ് പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്, പദ്ധതിക്ക് ആസ്പദമായുള്ള സാമൂഹ്യ പ്രത്യാഘാത പഠനം യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. നിർദ്ദിഷ്ടപദ്ധതിയുമായി ബന്ധപ്പെട്ട ഭൂമിയുടെ വിവരങ്ങൾ സ്പെഷ്യൽ തഹസീൽദാർ ഓഫീസ് (LA) ജനറൽ, പാലായിൽ നിന്നും, അസ്സിസ്റ്റന്റ് എൻജിനീയർ ഓഫീസ് ഈരാറ്റുപേട്ടയിൽ നിന്നും ലഭ്യമാക്കിയിട്ടുള്ളതാണ്. ഇതിനു പുറമെ എസ്.ഐ.എ. യൂണിറ്റ് പദ്ധതി ഭാഗത്തെ പദ്ധതി ബാധിത കുടുംബങ്ങളിൽ നിന്നും തൽപരകക്ഷികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതാണ്. പ്രസ്തുത വിവരങ്ങൾ ബന്ധപ്പെട്ട അധികാരികൾ രേഖ പരിശോധന നടത്തേണ്ടതാകുന്നു.

ചെയർമാൻ എസ്.ഐ.എ. യൂണിറ്റ്.

യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ

YOUTH SOCIAL SERVICE ORGANIZATION COLLEGE P.O., COCHIN, KERALA-686 666 REG:112/95 KOTHAMANGALAM

തീയതി :01-05-2019

സ്ഥലം : കോട്ടയം

FORM NO.6

**[See Rule 15(5)]**

# ഈരാറ്റുപേട്ട ബൈപ്പാസ് റോഡ് പ്രൊജക്ട് Reach - I

| | | |
|---|---|---|
| അദ്ധ്യായം | 1. | നിറവേറ്റേണ്ട ചുമതലകളുടെ ചുരുക്കം |
| | 1.1 | ആമുഖം: പദ്ധതിയും ജനകീയലക്ഷ്യങ്ങളും |
| | 1.2 | സ്ഥലം |
| | 1.3 | ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്താരവും ഗുണങ്ങളും |
| | 1.4 | പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ |
| | 1.5 | സാമൂഹ്യ പ്രത്യാഘാതങ്ങളും അവ ലഘൂകരിക്കുന്നതിനുള്ള നടപടികളും |
| | 1.6 | സംഭവ്യമായ സാമൂഹ്യ ആഘാതങ്ങളുടെ വിശകലനവും അവയ്ക്കുള്ള ലഘൂകരണ നടപടികളും |
| അദ്ധ്യായം | 2 | പദ്ധതിയുടെ വിശദ വിവരങ്ങൾ |
| | 2.1 | പദ്ധതിയുടെ പശ്ചാത്തലവും യുക്തിയും |
| | 2.2 | പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ |
| | 2.3 | ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ |
| | 2.4 | പദ്ധതി നിർമ്മാണഘട്ടങ്ങൾ |
| | 2.5 | പരിസ്ഥിതി ആഘാത വിലയിരുത്തൽ/പ്രായോഗികത പഠന വിവരങ്ങൾ |
| | 2.6 | ബാധകമായ നിയമങ്ങളും ചട്ടങ്ങളു |
| അദ്ധ്യായം | 3 | ടീമിനെ രൂപീകരിക്കുന്നതിനോടുള്ള സമീപനം, സമ്പ്രദായം, സാമൂഹികാഘാതപഠനത്തിന്റെ സമയക്രമം |
| | 3.1 | പശ്ചാത്തലം |
| | 3.2 | ടീം അംഗങ്ങളുടെ പട്ടിക, യോഗ്യക, വിശദവിവരം |

| | | |
|---|---|---|
| | 3.3 | പഠനത്തിനുള്ള വിവരശേഖരത്തിനുവേണ്ട ഉപാധികളും സമ്പ്രദായരീതികളും. |
| | 3.4 | മാതൃകകൾ നടത്തിയ രീതി |
| | 3.5 | വിവരശ്രോതസ്സിന്റെ അവലോകനം |
| | 3.6 | തൽപരകക്ഷികളുമായുള്ള ആലോചനകളുടെ വിവരങ്ങൾ |
| | 3.7 | നടത്തിയിട്ടുള്ള പൊതുവിസ്താരത്തിന്റെ ചുരുങ്ങിയവിവരണം. |
| അദ്ധ്യായം | 4 | സ്ഥലത്തിന്റെ മൂല്യനിർണ്ണയം |
| | 4.1 | പശ്ചാത്തലം |
| | 4.2 | പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം |
| | 4.3 | പദ്ധതിക്കാവശ്യമായ ഭൂമി |
| | 4.4 | പൊതുഭൂമിയുടെ ആവശ്യകത |
| അദ്ധ്യായം | 5 | കണക്കാക്കലും ഗണനവും |
| | 5.1 | ആമുഖം |
| | 5.2 | നേരിട്ടുബാധിക്കുന്ന കുടുംബങ്ങൾ |
| | 5.3 | പട്ടികവർഗ്ഗക്കാരുടെയോ, വനാവകാശം നഷ്ടപ്പെടുന്ന പരമ്പരാഗത വനനിവാസികളുടെ കുടുംബം |
| | 5.4 | ഏറ്റെടുക്കൽ മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്ന പൊതുസ്ഥലത്തെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾ |
| | 5.5 | ഏറ്റെടുക്കുന്ന സ്ഥലം സംസ്ഥാന കേന്ദ്രസർക്കാരുകളുടെ ഏതെങ്കിലും ക്ഷേമപദ്ധതിയുടെ ഭാഗമായി ലഭിച്ച കുടുംബങ്ങളുടെതാണോ |
| | 5.6 | ഏറ്റെടുക്കലിന മൂന്ന് വർഷമോ അതിലധികമോ മുമ്പ് നഗരപ്രദേശങ്ങളിൽ പാർക്കുന്ന കുടുംബങ്ങളാണോ |
| | 5.7 | ഏറ്റെടുക്കുന്ന സ്ഥലം മൂന്ന് വർഷമായി ഉപജീവനമാർഗ്ഗത്തിനായി ആശ്രയിച്ചിരുന്ന കുടുംബങ്ങളാണോ |
| | 5.8 | ഏറ്റെടുക്കൽ മൂലം നേരിട്ടല്ലാതെ മറ്റുവിധത്തിൽ ബാധിച്ചിരിക്കുന്ന കുടുംബങ്ങളുടെ വിവരങ്ങൾ |
| | 5.9 | സ്ഥലം ഫലസിദ്ധിയുള്ളതോ വിലയേറിയതോ ആണെങ്കിൽ അതിന്റെ പട്ടിക |
| | 5.10 | ഫലദായക വസ്തുക്കളുടെ വിവരങ്ങൾ |

| | | |
|---|---|---|
| അദ്ധ്യായം 6 | 6 | സാമൂഹ്യ സാമ്പത്തിക രൂപരേഖ |
| | 6.1 | ആമുഖം |
| | 6.2 | ജനസംഖ്യാപരമായ വിശദാംശങ്ങൾ |
| അദ്ധ്യായം | 7 | സാമൂഹ്യപ്രത്യാഘാത പദ്ധതി നിർവ്വഹണ ആസൂത്രണം. |
| | 7.1 | ആഘാതം കുറയ്ക്കുന്നതിനുള്ള സമീപനം |
| | 7.2 | ആഘാതം ഇല്ലാതാക്കുവാനോ ലഘൂകരിക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ |
| | 7.3 | നിയമത്തിൽ പ്രതിപാദിക്കുന്നതിന പ്രകാരമുള്ള പുനരധിവാസത്തിനും പുനസ്ഥാപനത്തിനും ഉള്ള നടപടി ക്രമങ്ങൾ |
| | 7.4 | പ്രത്യാഘാതത്തിന്റെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപ്പനയിൽ വരുത്താവുന്ന മാറ്റങ്ങൾ |
| | 7.5 | ആഘാതം കുറയ്ക്കുവാനുള്ള വിശദമായ പ്ലാൻ |
| അദ്ധ്യായം | 8 | സാമൂഹ്യപ്രത്യാഘാത നിർവ്വഹണ പദ്ധതി സ്ഥാപന സംവിധാനം |
| | 8.1 | സ്ഥാപന സംവിധാനങ്ങളും ചുമതലപ്പെട്ട വ്യക്തികളും |
| അദ്ധ്യായം | 9 | സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ബഡ്ജറ്റ് |
| | 9.1 | പുനഃസ്ഥാപനത്തിനും പുനരധിവാസത്തിനും വരുന്ന ചിലവ് |
| | 9.2 | വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും |
| | 9.3 | സാമ്പത്തിക സ്രോതസ്സ് തരംതിരിച്ച് |
| അദ്ധ്യായം | 10 | സാമൂഹ്യ പ്രത്യാഘാത ദുരീകരണപദ്ധതി മേൽനോട്ടവും മൂല്യനിർണ്ണയവും |
| | 10.1 | മേൽനോട്ടവും മൂല്യനിർണ്ണയവും |
| | 10.2 | റിപ്പോർട്ടിംഗ് രീതിയും മേൽനോട്ടവും കർത്തവ്യങ്ങളും |
| | 10.3 | സ്വതന്ത്ര മൂല്യനിർണ്ണയം രൂപ രേഖ |
| അദ്ധ്യായം | 11 | നേട്ടങ്ങളും കോട്ടങ്ങളും - അപഗ്രഥനം, ഭൂമി ഏറ്റെടുക്കൽ സംബന്ധിക്കുന്ന നിർദ്ദേശം |
| | 11.1 | അന്തിമ, ഉപസംഹാരം, ജനകീയ ലക്ഷ്യങ്ങളുടെ വിലയിരുത്തൽ |
| | 11.2 | പ്രത്യാഘാതങ്ങളുടെ സ്വഭാവവും തീവ്രതയും |
| | | സംഗ്രഹം |

# പട്ടികകൾ


പട്ടിക 3.6 തൽപരകക്ഷികളുമായുള്ള ആലോചനകളുടെ വിവരങ്ങൾ

പട്ടിക **4.2** പദ്ധതിയുടെ സ്വാധീനംമൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

പട്ടിക 4.3 വസ്തുവിവര പട്ടിക (നിർദ്ദിഷ്ട പദ്ധതിയുടെ ഭൂപടം)

പട്ടിക 6.1 പ്രായഭേദവും ലിംഗഭേദവും അനുസരിച്ച്

പട്ടിക 6.2 കുടുംബാംഗങ്ങളുടെ എണ്ണം

പട്ടിക 6.3 വിദ്യാഭ്യാസതലം

പട്ടിക 6.4 ജോലിയും വരുമാനവും

പട്ടിക 6.5 ഉടമസ്ഥാവകാശം ലഭിച്ച കാലഘട്ടം

പട്ടിക 6.6 വസ്തുവിൽമേലുള്ള കടബാധ്യതകൾ

പട്ടിക 6.7 കുടുംബമാസവരുമാനം

പട്ടിക 6.8 വൈവാഹികാവസ്ഥ

# അനുബന്ധങ്ങൾ

| | |
|---|---|
| അനുബന്ധം 1 (a) | ഗസറ്റ് വിജ്ഞാപനം |
| അനുബന്ധം 1 (b) | വിജ്ഞാപനം (ഇംഗ്ലീഷ്) |
| അനുബന്ധം 1 (c) | ഗസറ്റ് വിജ്ഞാപനം (പഴയത്) |
| അനുബന്ധം 1 (d) | പഴയ വിജ്ഞാപനം (ഇംഗ്ലീഷ്) |
| അനുബന്ധം 1 (e) | ഡ്രാഫ്റ്റ് പബ്ലിഷിംഗ് നോട്ടീസ് കോപ്പി |
| അനുബന്ധം 2 | അഭിമുഖ പ്രശ്നോത്തരി |
| അനുബന്ധം 3 (a) | പബ്ലിഷിംഗ് ഹിയറിംഗ് സംബന്ധിച്ച വ്യക്തികൾക്കുള്ള നോട്ടീസ് കോപ്പി |
| അനുബന്ധം 3 (b) | പബ്ലിക് ഹിയറിംഗ് സംബന്ധിച്ച വ്യക്തികൾക്കുള്ള നോട്ടിഫിക്കേഷൻ (മംഗളം) |
| അനുബന്ധം 3 (c) | പത്രവാർത്ത (മലയാള മനോരമ) |
| അനുബന്ധം 4 (a) | പബ്ലിക് ഹിയറിംഗിൽ പങ്കെടുക്കുന്ന ആഘാതബാധിക കുടുംബങ്ങളുടെ ലിസ്റ്റ് |
| അനുബന്ധം 4 (b) | പബ്ലിക് ഹിയറിംഗിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ ലിസ്റ്റ് |
| അനുബന്ധം 5 | പുതിയ വിജ്ഞാപന പ്രകാരം ഉള്ള സ്ഥല സന്ദർശന രേഖ |
| അനുബന്ധം 6 | വില്ലേജിൽ നിന്നും ലഭ്യമായ വിവരങ്ങൾ |

### അദ്ധ്യായം 1

# പഠനത്തിന്റെ സംക്ഷിപ്ത രൂപം

## ആമുഖം

ഈരാറ്റുപേട്ട - എം.ഇ.എസ്. ജംഗ്ഷൻ ബൈപാസ് റോഡ് നിർമ്മാണത്തിനായി ഭൂമി വിട്ട് നൽകുന്നവർക്കുണ്ടാകുന്ന സാമൂഹികാഘാതത്തെക്കുറിച്ചുള്ള പഠനമാണ് ഈ റിപ്പോർട്ടിലുള്ളത്. വർദ്ധിച്ച് വരുന്ന ഗതാഗതക്കുരുക്കിന്റെ പശ്ചാത്തലത്തിൽ ഈരാററുപേട്ട നഗരത്തിന ഒരു ബൈപാസ് റോഡ് അനിവാര്യമായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ പ്രസ്തുത പദ്ധതിക്കായി ഒരു വിഭാഗം ജനങ്ങൾ തങ്ങളുടെ സ്ഥലം വിട്ടുനൽകേണ്ടതായി വരുന്നു. ഇത്തരത്തിൽ ഒരു വികസനപ്രവർത്തനത്തിനായി പ്രതികൂലസാഹചര്യങ്ങളിലൂടെ കടന്ന് പോകേണ്ടിവരികയും പ്രത്യാഘാതങ്ങൾ അനുഭവിക്കുകയും ചെയ്യുന്നവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഉയർന്ന് വന്നിട്ടുള്ള സംവിധാനങ്ങളിൽ ഒന്നാണ് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യ യ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013. ഇന്ത്യയിൽ വികസനപ്രവർത്തനങ്ങളുടെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടക്കുമ്പോൾ അതിലെ പൊതുതാൽപര്യവും സാമൂഹിക ആഘാതവും നിർണ്ണയിക്കണമെന്ന് ഈ നിയമത്തിലെ വകുപ്പ് 4 നിഷ്കർഷിക്കുന്നു.

നിയമത്തിൽ നിഷ്കർഷിക്കുന്ന രീതിയിൽ ആഘാത ബാധിതരുടെ മാനുഷിക പ്രശ്നങ്ങളും ആശങ്കകളും പരിഹരിക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്ക് വ്യക്തമായ വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനും ഈ പഠനം തികച്ചും സഹായകരമാകുന്നതാണ്.

### 1.1. പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് വികസനപ്രവർത്തനങ്ങ ൾക്ക് ഉണർവ്വേകുക എന്ന് കേരളത്തിൽ വളരെ പ്രധാന്യമർഹിക്കുന്ന ഒന്നാണ്. റോഡ് ഗതാഗതത്തിന ഇന്ത്യയുടെ വികസനത്തിലുള്ള പങ്കിന്റെ വലിപ്പമാണ് ഇന്ത്യയുടെ സിരകൾ എന്ന് റോഡ് മാർഗ്ഗം അറിയപ്പെടാനുള്ള കാരണം.

പല നഗരങ്ങളിലും ഗതാഗതക്കുരുക്ക് നേരിടുന്നത് ദീർഘദൂര യാത്രക്കാ രെ ഒരുപാട് ബുദ്ധിമുട്ടിലാക്കുന്നു. ഈ സാഹചര്യത്തിൽ ബൈപാസ് റോഡുക ൾക്ക് പ്രാധാന്യമേറുന്നുണ്ട്. പല നഗരങ്ങളിലും ബൈപാസ് റോഡുകൾ, മേൽപാലങ്ങൾ എന്നിവകൊണ്ട് ഗതാഗതക്കുരുക്കിന പരിഹാരം കാണുന്നു. ഒരുപാട് സമയലാഭവും ഇന്ധനലാഭവും ഇങ്ങനെയുള്ള പദ്ധതികൾ വഴി ഉണ്ടാകുന്നുണ്ട്.

ഇതേ രീതിയിൽ കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിലെ ഈരാറ്റുപേട്ട നഗരത്തിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണ് ഈരാററുപേട്ട - എംഇ.എസ് ജംഗ്ഷൻ ബൈപാസ് റോഡ്. ഈരാറ്റുപേട്ട പൂഞ്ഞാർ സ്റ്റേറ്റ് ഹൈവേയിൽ ഉള്ള എം.ഇ. എസ് ജംഗ്ഷനിലെ പുത്തൻപള്ളി ഭാഗത്ത്നിന്നും ആരംഭിച്ച് തൊടുപുഴ- കാഞ്ഞിരമറ്റം സ്റ്റേറ്റ് ഹൈവേയിൽ വെയിലുകാണാപാറ എന്ന സ്ഥലത്ത് എത്തിച്ചേരുന്ന 1.8 കി.മീ. നീളമുള്ള റോഡാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി വഴികൂട്ടിമുട്ടുന്ന സ്ഥലങ്ങളായ വെയിലുകാണാപാറയിൽനിന്ന് പുത്തൻപള്ളി വരെ നിലവിൽ 4.3 കി. മീ ദൂരമുണ്ട്. എന്നാൽ പുതിയ ബൈപാസ് വരുന്നത് വഴി ആ ദൂരം 1.8കി.മീ ആയി കുറയും. ഇതുമൂലം 2.5 കി.മീ ദൂരത്തിൽ കുറവ് വരികയും ചെയ്യുന്നു. ഈരാറ്റുപേട്ട നഗരത്തിൽ പ്രവേശിക്കാതെ പോകേണ്ട വാഹനങ്ങൾക്ക് നഗരത്തിലെ ഗതാഗതക്കുരുക്കിനെക്കുറിച്ച് ആശങ്കപ്പെടേണ്ടിവരില്ല. അത് കൂടാതെ പ്രധാനമായും ഒരു വളവ് മാത്രമാണ് പുതിയതായി വരുന്ന ബൈപാസിനുള്ളത്. നിലവിലുള്ള റോഡിൽ ഒരുപാട് വളവുകളും കയറ്റിയിറക്കങ്ങളുമുണ്ട്.

പ്രസ്തുത പദ്ധതിയുടെ പ്രത്യാഘാത പഠനം രണ്ട ഘട്ടങ്ങളായാണ് നടക്കുന്നത്. വെയിലുകാണാപാറ എന്ന സ്ഥലം മുതൽ ചേന്നാട് റോഡ് വരെ റീച്ച് ഒന്നും ചേന്നാട് റോഡ് മുതൽ എം.ഇഎസ് ജംഗ്ഷൻ വരെ റീച്ച് രണ്ടും ആയി കണക്കാക്കിയാണ് പഠനം പുരോഗമിക്കുന്നത്. ഇതിൽ റീച്ച് ഒന്നിന്റെ പഠനമാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരി ക്കുന്നത്.

പദ്ധതിക്കായി റീച്ച് 1 ൽ കണ്ടെത്തിയിട്ടുള്ള സ്ഥലത്ത് നിലവിൽ 70 വർഷത്തോളം പഴക്കമുള്ള മറ്റൊരു പാത ഏറെക്കുറെ പുതിയ അലൈൻമെന്റിനുള്ളിലൂടെ കടന്ന് പോകുന്നു ണ്ട്. ആ പാതയെ പരമാവധി ഉപയോഗപ്പെടുത്തിയും വാസസ്ഥലങ്ങൾക്ക് പ്രശ്നങ്ങൾ ഉണ്ടാ കാത്ത രീതിയിൽ ഒരു അലൈൻമെന്റ് കൊണ്ട് വന്നത് ജനങ്ങൾക്ക് ഉണ്ടായേക്കാവുന്ന പ്രത്യാ ഘാതം കുറയ്ക്കുന്നതാണ്.

പൂഞ്ഞാർ, വാഗമൺ, തൊടുപുഴ എന്നീ പ്രദേശങ്ങളിൽനിന്ന് കാഞ്ഞിരപ്പിള്ളിയിലേക്ക് പോകുന്ന യാത്രക്കാർക്ക് ഈരാറ്റുപേട്ട ടൗണിൽ പ്രവേശിക്കാതെ പോകാൻ കഴിയും എന്നത് വലിയൊരു നേട്ടമാണ്. ഇതു വഴി ടൗണിനകത്തെ ഗതാഗതക്കുരുക്കും വലിയ രീതിയിൽ പരിഹരിക്കപ്പെടും.

### 1.2 സ്ഥലം

പദ്ധതി ബാധിത പ്രദേശം കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽപ്പെട്ട ഈരാറ്റുപേട്ട വില്ലേജിലും പൂഞ്ഞാർ വില്ലേജിലുമായി സ്ഥിതി ചെയ്യുന്നു. ഈരാറ്റുപേട്ട വില്ലേജിന്റെ 45-ാം ബ്ലോക്ക് നമ്പറിലും പൂഞ്ഞാർ വില്ലേജിന്റെ 70-ാം ബ്ലോക്ക് നമ്പറിലുമാണ് സ്ഥലം ഉൾപെട്ടിട്ടുള്ളത്. ഇതിൽ ബ്ലോക്ക് നമ്പർ 70ൽ പെട്ടിട്ടുള്ള ഭൂമി പെരുനിലം എന്നറിയപ്പെടുന്ന ഭൂപ്രദേശത്തും ബ്ലോക്ക് 45 ൽ ഉൾപ്പെട്ട സ്ഥലം വെയിലുകാണാംപാറ എന്ന ഭൂപ്രദേശത്തുമായിട്ടാണ് സ്ഥിതി ചെയ്യുന്നത്.

പദ്ധതിയുടെ റീച്ച് ഒന്നിൽപെടുന്ന ഭൂമി 37സർവ്വേ നമ്പറുകളിലായി സ്ഥിതി ചെയ്യുന്നു. വെയിലുകാണാംപാറ പ്രദേശത്തെ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട പെരുനിലം പ്രദേശത്തെ ഭൂമി പൂഞ്ഞാർ പഞ്ചായത്തിന്റെ ഒന്നാം വാർഡിലുമാണ് ഉൾപ്പെടുന്നത്.

### 1.3 ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്താരവും ഗുണങ്ങളും

പ്രസ്തുത പദ്ധതിക്കായി (റീച്ച്-1) 1.2600ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. 37 സർവ്വേ നമ്പറുകളിൽ ഭൂരിഭാഗവും സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലും, 7 സർവ്വേ നമ്പറുകൾ പുറമ്പോക്കിൽ ഉള്ളതും, ഇതിൽ മൂന്നു ഭൂമി രണ്ട് വ്യത്യസ്ഥ ട്രസ്റ്റിന്റെ കീഴിൽ ഉള്ളവയാകുന്നു. നിലവിൽ പദ്ധതിക്കായി നിശ്ചയിച്ചിരിക്കുന്ന ഭൂപ്രദേശത്തു 70 വർഷം പഴക്കമുള്ള ഒരു പാത നിലനിൽക്കുന്നു. ഈ പാതയും അതോടൊപ്പം അരികുകളിൽ ഉള്ള സ്ഥലവും ചേർത്താണ് പുതിയ റോഡ് വരുന്നത്. പദ്ധതിക്കായി ഏറ്റെടുക്കുന്ന സ്ഥലങ്ങളിൽ ഏറിയ പങ്കും കൃഷിഭൂമിയാണ്. റബർ തോട്ടമാണ് ഏറ്റവും അധികമായി വരുന്നത്. വാഴകൃഷിക്ക് ഉപയോഗിക്കുന്ന സ്ഥലവും ഏറ്റെടുക്കുന്നുണ്ട്. രണ്ട് സർവ്വേ നമ്പറുകളിൽ കെട്ടിടങ്ങൾ ഉൾപ്പെടുന്നുണ്ട്. അതിൽ ഒന്ന് ഒരു വിദ്യാലയത്തിന്റെ ക്ലാസ്റൂമുകളും, ശൗച്യാലയവുമാണ് അടുത്തത് ഒരു വാടകയ്ക്ക് കൊടുത്തിട്ടുള്ള കെട്ടിടവും ഉൾപ്പെടുന്നുണ്ട്.

### 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പ്രസ്തുത പദ്ധതിക്കായി ഇതര മാർഗ്ഗങ്ങളോ, സ്ഥലമോ ഇതിനേക്കാൾ അനുയോജ്യമായവ കണ്ടെത്താനായിട്ടില്ല. ഇപ്പോൾ ഉള്ള ആസൂത്രണവും നടപടികളും പോരായ്മകൾ കുറവായതിനാലും സ്ഥലം അളന്ന് ഉടമകളിൽനിന്ന് സമ്മതപത്രം കിട്ടിയതിനാലും പദ്ധതിക്കായി ഇതര മാർഗ്ഗങ്ങൾ പരിഗണിക്കപ്പേടേണ്ടതില്ല.

## 1.5സാമൂഹ്യ പ്രത്യാഘാതങ്ങളും അവ ലഘൂകരിക്കുന്നതിനുള്ള നടപടികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വിശകലനം ചെയ്യുമ്പോൾ നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതങ്ങൾ കൈകാര്യം ചെയ്യുവാൻ നിയമാനുസൃതമായ നഷ്ടപരിഹാര നടപടികൾ മതിയാകും.

സംഭവ്യമായ സാമൂഹ്യ ആഘാതങ്ങളുടെ വിശകലനവും അവയ്ക്കുള്ള ലഘുകരണ നടപടികളും.

| ക്രമ നമ്പർ | ആഘാതത്തിന്റെ തരം | സ്ഥിതി | നിർദ്ദിഷ്ട ലഘൂകരണ നടപടികൾ |
|---|---|---|---|
| 1 | സ്ഥലം നഷ്ടപ്പെടൽ | 28 ഭൂമിയെ | 1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക. |
| 2 | കെട്ടിടങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം | ഒരു സ്വകാര്യ വ്യക്തിയുടെ ലോഡ്ജ്, സ്കൂൾ ബിൽഡിംഗ് | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക. |
| 3 | ഉപയോഗ യോഗ്യമായ വസ്തുക്കൾക്കുണ്ടാകുന്ന നഷ്ടം | റബർ, വാഴ | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക. |
| 4 | ഉപജീവനത്തിനുള്ള നഷ്ടം | കൃഷിസ്ഥലങ്ങൾ, ലോഡ്ജ് | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക. |

| | | | |
|---|---|---|---|
| 5 | പൊതുഭൂമിക്കുണ്ടാകുന്ന നഷ്ടം | 7ഭൂമിയെ | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപന ത്തിനുമുള്ള അവകാശനിയമം 2013 പ്രകാര മുള്ള നഷ്ടപരിഹാരം നൽകുക. |
| 7 | നാഗരിക സേവന ങ്ങൾക്കും പൊതു വസ്തുക്കൾക്കും ഉണ്ടാകുന്ന നഷ്ടം | സ്കൂൾ കെട്ടിടം ഒരു ഭാഗം നഷ്ടമാകുന്നു | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപന ത്തിനുമുള്ള അവകാശനിയമം 2013 പ്രകാര മുള്ള നഷ്ടപരിഹാരം നൽകുക. |
| 8 | സാംസ്ക്കാരിക വസ്തുക്കളുടെ നഷ്ടം | ഇല്ല | |
| 9 | ദുർബല വിഭാഗങ്ങളുടെ കുടിയൊഴിപ്പിക്കൽ | ഇല്ല | |
| 10 | മതസ്ഥാപനങ്ങൾ നഷ്ടമാകുന്നു | ഇല്ല | |

## അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1 പദ്ധതിയുടെ പശ്ചാത്തലവും യുക്തിയും

ഈരാറ്റുപേട്ട എം ഇ എസ് ജംഗ്ഷൻ ബൈപാസ് റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ഈ അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ ജനകീയ ലക്ഷ്യങ്ങളും, ചിലവ് മുതലായവയും ഈ അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### 2.2 പദ്ധതിയുടെ സ്ഥലം വലിപ്പം ലക്ഷ്യം ചെലവ് തുടങ്ങിയ വിവരങ്ങൾ

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിരിക്കുന്ന ബൈപ്പാസ് റോഡിനായുള്ള പദ്ധതിയാണ് ഈരാറ്റുപേട്ട എം.ഇ.എസ്. ജംഗ്ഷൻ ബൈപാസ് റോഡ്. പ്രസ്തുത സ്ഥലത്തുകൂടി 12 മീറ്റർ വീതിയിൽ 1.8 കിലോമീറ്റർ ദൈർഘ്യമുള്ള റോഡാണ് നിർമ്മിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഈരാറ്റുപേട്ട ടൗണിന് അടുത്തുള്ള പുത്തൻപള്ളിയ്ക്ക് സമീപത്തുനിന്ന് ആരംഭിച്ച് ടൗണിൽ നിന്ന് 4.5 കിലോമീറ്റർ അകലെയുള്ള വെയിലുകാണാംപാറ എന്ന സ്ഥലത്ത് എത്തിച്ചേരുന്നതാണ് ഈ പാത.

ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിക്ക് അടുത്തുള്ള പൂഞ്ഞാർ പഞ്ചായത്തിലൂടെയും തിടനാട് പഞ്ചായത്തിലൂടെയുമാണ് ബൈപാസ് കടന്നുപോകുന്നത്. രണ്ടു ഘട്ടങ്ങളായി തിരിച്ചിരിക്കുന്ന ഈ പദ്ധതിയുടെ ആദ്യഘട്ടം വെയിലുകാണാംപാറ മുതൽ പെരുന്നിലം വരെയാണ്. രണ്ടാം ഘട്ടം പെരുന്നിലം മുതൽ പുത്തൻപള്ളി വരെയും.

ആദ്യ ഘട്ടത്തിനായി 1.2600 ഹെക്ടറാണ് ഏറ്റെടുക്കുന്നത്. ഈ പ്രദേശം തിടനാട് പഞ്ചായത്തിന്റെ നാലാം വാർഡും പൂഞ്ഞാർ പഞ്ചായത്തിന്റെ ഒന്നാം വാർഡും ചേർന്നതാണ്. പ്രധാനമായും റബർ, വാഴ മുതലായ കൃഷി ആവശ്യത്തിനായാണ് ഈ പ്രദേശം ഉപയോഗിക്കുന്നത്. .നഗര പ്രദേശത്തോടു ചേർന്ന് കിടക്കുമ്പോഴും കൃഷിസ്ഥലമായുള്ള പ്രദേശങ്ങളൊക്കെ ത്തന്നെയാണ് കൂടുതൽ നഷ്ടപ്പെടുന്നത്.

സ്ഥലം ഏറ്റെടുക്കൽ, പദ്ധതി നിർവഹണം എന്നിവയെല്ലാം കോട്ടയം കളക്ടറേറ്റ്, സ്പെഷ്യൽ തഹസിൽദാർ, എൽ എ പാലാ, എക്സിക്യൂട്ടീവ് എൻജിനീയർ, പി.ഡബ്ല്യൂ.ഡി. റോഡ് കോട്ടയം, പി.ഡബ്ല്യൂ.ഡി റോഡ് സബ് ഡിവിഷൻ പാല, പി.ഡബ്ല്യൂ.ഡി. റോഡ് ഈരാറ്റുപേട്ട എന്നീ ഓഫീസുകളുടെ നേതൃത്വത്തിലാണ് നടന്നുകൊണ്ടിരിക്കുന്നത്. പൂഞ്ഞാർ, ഈരാറ്റുപേട്ട എന്നീ വില്ലേജുകൾക്ക് കീഴിലാണ് പദ്ധതി ബാധിത പ്രദേശം ഉൾപ്പെടുന്നത്.

രണ്ട് പ്രധാന സംസ്ഥാന പാതകൾ തമ്മിലാണ് ഈ പദ്ധതി കൂട്ടിയോജിപ്പിക്കുന്നത്. ഈരാറ്റുപേട്ട കുട്ടിക്കാനം സംസ്ഥാന പാതയും (SH-14) തൊടുപുഴ കാഞ്ഞിരപ്പള്ളി സംസ്ഥാന പാതയും (SH-44) ആണ് പദ്ധതി മൂലം യോജിപ്പിക്കപ്പെടുന്ന സംസ്ഥാന പാതകൾ.

2014 മുതൽ പദ്ധതിക്കായുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും 10 കോടി രൂപ പദ്ധതി നിർവഹണത്തിനായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

ഈരാറ്റുപേട്ട ടൗണിൽ വർദ്ധിച്ചുവരുന്ന ഗതാഗതകുരുക്ക് കുറയ്ക്കുക എന്നതോടൊപ്പം ദീർഘദൂര യാത്രക്കാർക്ക് സമയലാഭം നേടിക്കൊടുക്കുക എന്നതുമാണ് പ്രധാന ലക്ഷ്യമായി കാണുന്നത്. പദ്ധതിവഴി കൂട്ടി യോജിപ്പിക്കപ്പെടുന്ന വെയിലുകാണാംപാറ എന്ന സ്ഥലവും പുത്തൻപള്ളി എന്ന സ്ഥലവും തമ്മിൽ നിലവിൽ 4.3 കിലോമീറ്റർ ദൂരമുണ്ട്. ബൈപാസ് റോഡ് വരുന്നതിലൂടെ ഇതേ സ്ഥലങ്ങൾ തമ്മിലുള്ള യാത്രാ ദൈർഘ്യം 1.8 കിലോമീറ്ററായി കുറയുന്നതാണ്.

ദൂരക്കുറവ് യാഥാർഥ്യമാകുന്നത് പോലെ സമയലാഭവും ബൈപ്പാസ് വരുന്നതിലൂടെ ഉണ്ടാകുന്നതാണ്. നിലവിൽ കാഞ്ഞിരപ്പള്ളി ഭാഗത്തുനിന്നും പൂഞ്ഞാർ/വാഗമൺ ഭാഗത്തേക്ക് പോകേണ്ട യാത്രക്കാർ ഈരാറ്റുപേട്ട ടൗണിൽ കയറി പോകേണ്ടി വരുന്നതിനാൽ ഗതാഗതക്കുരുക്കിൽ സമയനഷ്ടം ഉണ്ടാകുന്നുണ്ട്. ബൈപ്പാസ് ഇല്ലാത്തതിനാൽ 2.5 കിലോമീറ്റർ അധികമായി യാത്ര ചെയ്യേണ്ടി വരുന്നു. കാഞ്ഞിരപ്പള്ളി ഭാഗത്തുനിന്നും തൊടുപുഴയ്ക്ക് പോകുന്ന യാത്രക്കാർക്കും ഇതേ അസൗകര്യങ്ങൾ നേരിടേണ്ടിവരുന്നു. ദൂരക്കുറവ്, ഗതാഗതക്കുരുക്ക് ഒഴിവാക്കൽ എന്നിവയിലൂടെ ഉണ്ടാവുന്ന ഇന്ധനലാഭവും നേട്ടങ്ങളാണ്.

ബൈപാസിനായി കണ്ടെത്തിയിരിക്കുന്ന സ്ഥലത്ത് നിലവിൽ 70 വർഷത്തിലേറെ പഴക്കമുള്ള റോഡ് നിലവിലുണ്ട്. ബൈപാസ് വരുന്നതിലൂടെ ആ റോഡ് ഉപയോഗിക്കുന്നവർക്ക് കുറച്ചുകൂടി കൂടുതൽ മെച്ചപ്പെട്ട ഗതാഗത സൗകര്യം ലഭിക്കുന്നതാണ്. ആളുകളുടെ താമസസ്ഥലം പരമാവധി ഒഴിവാക്കി കണ്ടെത്തിയിരിക്കുന്ന ഈ അലൈൻമെന്റ് പ്രദേശവാസികളുടെ ജീവിതത്തെ വലിയ രീതിയിൽ ബാധിക്കുകയുമില്ല.

## 2.3 ബദൽ കെ   ത്തൽ

ബൈപാസിനായി ഇപ്പോൾ കണ്ടെത്തിയിരിക്കുന്ന പ്രദേശമാണ് കൂടുതൽ അനുയോജ്യമായിട്ടുള്ളത്. ആൾത്താമസമില്ലാത്തതും ആളുകൾക്ക് എതിർപ്പില്ലാത്തതുമായ പ്രദേശമാണ് ഇപ്പോൾ നിലവിൽ പദ്ധതിയ്ക്കായി കണ്ടെത്തിയിട്ടുള്ളത്. പരിസ്ഥിതിക്ക് വൻതോതിൽ ദോഷവും പദ്ധതിമൂലം ഉണ്ടാകുന്നില്ല എന്നതിനാൽ ഇതര മാർഗങ്ങൾ നിലവിൽ പരിഗണനയിൽ ഇല്ല.

## 2.4 നിർമ്മാണ ഘട്ടങ്ങൾ

രണ്ട് ഘട്ടങ്ങളായാണ് പദ്ധതി നിർമ്മാണം പുരോഗമിക്കുക. ഒന്നാംഘട്ടം വെയിലുകാണാംപാറ എന്ന സ്ഥലം മുതൽ പെരുനിലം എന്ന സ്ഥലത്ത് ചേന്നാട് റോഡിൽ എത്തി നിൽക്കുകയും രണ്ടാം ഘട്ടം ചേന്നാട് റോഡിൽ പെരുനിലത്ത് നിന്ന് ആരംഭിച്ച് ഈരാറ്റുപേട്ട പൂഞ്ഞാർ റോഡിൽ പുത്തൻ പള്ളിയ്ക്ക് സമീപം അവസാനിക്കുകയും ചെയ്യുന്നു.

## 2.5 പരിസ്ഥിതി ആഘാത വിലയിരുത്തൽ

പദ്ധതി ബാധിത പ്രദേശം പരിസ്ഥിതി ആഘാത പഠനം നടത്തേണ്ട വിധം പ്രാധാന്യമുള്ളതല്ല എന്നാണ് നിലവിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിലയിരുത്തൽ.

## 2.6 അടിസ്ഥാന രൂപരേഖയുടെ പ്രത്യേകത, വലിപ്പം, സൗകര്യങ്ങളുടെ തരം തിരിവ്

പഠനം ആവശ്യമായി വരുന്നില്ല

## 2.7 അനുബന്ധം സൗകര്യങ്ങളുടെ ആവശ്യകത

അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തേ തില്ല

## 2.6 ആവശ്യമായ തൊഴിൽ ശക്തി

തൊഴിലിന ആധുനിക യന്ത്രങ്ങളും, വിദഗ്ദ്ധ അർത്ഥ വിദഗ്ദ്ധ, അവിദഗ്ദ തൊഴിലാളി കളടങ്ങിയ മനുഷ്യശേഷിയുടെ ആസൂത്രണം ആവശ്യമാണ്.

## 2.9 ബാധകമായ നിയമങ്ങളും ചട്ടങ്ങളും

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നി യമം (കേന്ദ്രനിയമം)
- കേരള സർക്കാർ റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കലിൽ നഷ്ട പരിഹാരത്തി നും സുതാര്യതയ്ക്കുമുള്ള നയം
- വിവരാവകാശ നിയമം 2005

## അദ്ധ്യായം 3

# പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

### 3.1 പശ്ചാത്തലം

ജനുവരി 2019 ൽ കോട്ടയം ജില്ലാ കളക്ടർ പുറത്തിറക്കിയ പുതിയ വിജ്ഞാപനം G1-52650/14 പ്രകാരം ഈരാറ്റുപേട്ട എം.ഇ.എസ്. ജംഗ്ഷൻ ബൈപാസ് റോഡ് പദ്ധതി നിർമ്മാണത്തിനുള്ള സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷനെ തിരഞ്ഞെടുത്തിട്ടുള്ളതാണ്.

പദ്ധതി ബാധിത ഭൂമിയുടെയും കെട്ടിടങ്ങളുടെയും കൃത്യമായ എണ്ണം തിട്ടപ്പെടുത്തുകയും പദ്ധതി മൂലമുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുകയും കൂടാതെ സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽകൊണ്ടുള്ള ഉദ്ദേശം. നിലവിലുള്ള പ്രക്രിയക്ക് വിവരങ്ങൾ ശേഖരിക്കുന്നതിനായി പ്രാഥമികവും,ദ്വിതീയവുമായ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ ക്രമാനുഗതമായി ശേഖരിച്ചു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിന്റെ ഭാഗമായി നിർദ്ധിഷ്ട പദ്ധതിബാധിത മേഖലയിലെ പ്രത്യാഘാതങ്ങളെക്കുറിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിലെ പരിചയ സമ്പന്നരായ അംഗങ്ങൾ സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തി.

### 3.2 ടീം അംഗങ്ങളുടെ പട്ടിക, യോഗ്യത, വിശദവിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ അദ്ധ്യക്ഷനായ യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ - സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലും നടത്തിയ അനുഭവ സമ്പത്തുള്ള 6 അംഗ സംഘമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിനുവേ ി യുള്ള വിവരശേഖരണവും ഏകോപനവും നടത്തിയത്. വികസന/നിയമ മേഖലകളിലെ വിദഗ്ദ്ധരുടെ സേവനവും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിലും പ്രയോജനപ്പെടുത്തി. കൂടാതെ പ്രത്യാഘാത ബാധിത പ്രദേശങ്ങൾ ക ത്തുവാൻ റവന്യു വകുപ്പിലെ ഉദ്യോഗസ്ഥ പ്രതിനിധികളുടെ സഹായവും ഉ ായിരുന്നു.

| ക്രമ നമ്പർ | പേര് | സ്ഥാനം, യോഗ്യത പ്രവർത്തി പരിചയം |
| --- | --- | --- |
| 1. | ഷൈബി ജോസ് | ടീം ലീഡർ, MBA, വികസന മേഖലയിൽ 10 വർഷത്തെ പ്രവർത്തി പരിചയം |
| 2. | കുര്യാക്കോസ് ജോർജ് | പ്രൊജക്റ്റ് കോർഡിനേറ്റർ LLB, വികസന മേഖലയിൽ 10 വർഷത്തെ പ്രവർത്തി പരിചയം |
| 3. | ബൈജു പി.ടി | റിസർച്ച് അസോസിയേറ്റ്, MSW വികസന മേഖലയിൽ 10 വർഷത്തെ പ്രവർത്തി പരിചയം |
| 4 | പി.സി. ജോസ് | റിസർച്ച് അസോസിയേറ്റ്, MSW വികസന മേഖലയിൽ 10 വർഷത്തെ പ്രവർത്തി പരിചയം |
| 5. | ഷോളി | റിസർച്ച് അസോസിയേറ്റ്, MSW വികസന മേഖലയിൽ 5 വർഷത്തെ പ്രവർത്തി പരിചയം |
| 6. | നിതിൻ പി.എസ്. | റിസർച്ച് അസോസിയേറ്റ്, MSW വികസന മേഖലയിൽ 1 വർഷത്തെ പ്രവർത്തി പരിചയം |

## 3.3 സാമൂഹ്യ പ്രത്യാഘാത നിർണ്ണയവും സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണം തയ്യാറാക്കൽ പ്രക്രിയയും

ജനങ്ങളുടെ ഭൗതികമോ സാമ്പത്തികമോ ആയ കുടിയൊഴിപ്പിക്കലിനു കാരണമായിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിലയിരുത്തൽ നടത്തുകയും അതിനാവശ്യമായ പുനരധിവാസ പദ്ധതി നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. പദ്ധതി മൂലം നഷ്ടപ്പെടുന്ന ഉപജീവനമാർഗ്ഗം അതിൽ കുറയാത്ത രീതിയിൽ തന്നെ പദ്ധതി നിർവ്വഹണത്തിനുശേഷം പുനസ്ഥാപിക്കപ്പെട്ടുവെന്ന് സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയിൽ ഉറപ്പുവരുത്തേണ്ടതാണ്. സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ രൂപരേഖയുടെ തയ്യാറാക്കൽ നടത്തുമ്പോൾ പഠന സംഘം ചില ആവശ്യ ഘടകങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്. അവയാണ് 1. പദ്ധതിയുടെ സാമൂഹികവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള അറിവ് 2. ഏറ്റെടുക്കലും അതിന്റെ നഷ്ടപരിഹാരവും സംബന്ധിച്ചുള്ള നിയമപരമായ വിവരങ്ങളെക്കുറിച്ചുള്ള അറിവ്.

സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിലയിരുത്തൽ പഠനത്തിന്റെ സമീപനവും പദ്ധതി ശാസ്ത്രവുമാണ് ചിത്രം 3.1 ൽ ഫ്ളോ ചാർട്ട് രൂപത്തിൽ നൽകിയിരിക്കുന്നത്. കൂടാതെ, പഠനത്തിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

## ചിത്രം 3.1 സാമൂഹ്യ പ്രത്യാഘാത പഠന രീതിയും മാർഗ്ഗങ്ങളും

ചിത്രം 3.1

**SIA യുടെ സമീപനവും സമ്പ്രദായവും**

| സാമൂഹ്യ അവലോകനവും പ്രാഥമിക കൂടിയാലോചനയും | പ്രാഥമിക സർവ്വേയും വാതിൽപ്പുറ ജോലിയുടെ ആരംഭവും |
|---|---|
| • വിശദമായ പദ്ധതി അവലോകനം<br>• പദ്ധതി രൂപരേഖ തയ്യാറാക്കൽ<br>• RFCT in LARRനിയമം 2013<br>• ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സംസ്ഥാന നിയമം | • പ്രാരംഭ പഠനം<br>• തയ്യാറെടുപ്പും സർവ്വേ ഉപകരണങ്ങളുടെ പരിശോധനയും<br>• വിവര ശേഖരണത്തിനായുള്ള സംഘങ്ങളെ കണ്ടെത്തൽ<br>• പ്രഥമ റിപ്പോർട്ടിന്റെ അന്തിമരൂപം നൽകൽ |

**ഘട്ടം 2 വിവര ശേഖരണ രീതിയും നടത്തിപ്പും നിർവ്വഹണ സംവിധാനം**

| പദ്ധതി ബാധിത കുടുംബങ്ങൾ/ജനങ്ങൾ സമൂഹം | പദ്ധതി നടപ്പിലാക്കാനാവശ്യമായ സജ്ജീകരണങ്ങൾ |
|---|---|
| • ഫീൽഡ് സ്റ്റാഫിന് പരിശീലനം നൽകൽ<br>• പദ്ധതി ബാധിത കുടുംബാംഗങ്ങളുമായി നടത്തിയ വിവര ശേഖരണം<br>• ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകൾ | • നിയമപരമായ നയങ്ങളുടെയും നിയന്ത്രണങ്ങളുടെയും വിശകലനം<br>• പുനരധിവാസ പദ്ധതിയെക്കുറിച്ച് സ്ഥലത്തെ ഉദ്യോഗസ്ഥരുമായുള്ള വിശകലനം<br>• വിവരങ്ങളുടെ വിശകലനം<br>• വിവരശേഖരണവും വിശകലനവും പ്രത്യാഘാത വിലയിരുത്തലിന്റെ കരട് രൂപം |

**ഘട്ടം 3 സർവ്വേക്ക് ശേഷമുള്ള പ്രവർത്തികളും വിശകലന രൂപ രേഖയും**

| വിവരങ്ങൾ പട്ടിക രൂപത്തിലാക്കുകയും വിശകലന രൂപരേഖയും | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിൻമേലുള്ള ആലോചനകൾ |
|---|---|
| • വിവരങ്ങളുടെ ഏകോപനവും ക്രോഡീകരണവും രേഖപ്പെടുത്തലും<br>• സാമൂഹ്യ പ്രത്യാഘാത വിലയിരു | • പബ്ലിക് ഹിയറിങ് സംഘടിപ്പിക്കൽ<br>• സാമൂഹ്യ പ്രത്യാഘാതങ്ങൾ വിലയിരുത്തലിന്റെ ഭാഗമായി കണ്ടെത്തിയ കാര്യങ്ങൾ പദ്ധതി ബാധിത ജനങ്ങളുമായും കൂടിയാലോചിക്കൽ |

| | |
|---|---|
| ത്തൽ റിപ്പോർട്ടിന്റെ അന്തിമമായ രൂപപ്പെടുത്തൽ<br>• സർവ്വേയിലൂടെ ലഭിച്ച വിവരങ്ങളുടെ വിശകലനം<br>• കരട് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെ കരട് രേഖ തയ്യാറാക്കലും സമർപ്പിക്കലും | • തൽപര കക്ഷികളുമായി അവരുടെ ആശങ്കകൾ പങ്കുവയ്ക്കൽ<br>• ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകനവും അഭിപ്രായങ്ങളും<br>• അഭിപ്രായങ്ങളുടെ സംയോജനവും അന്തിമസാമൂഹ്യപ്രത്യാഘാത പഠനറിപ്പോർട്ട് സമർപ്പിക്കൽ |

## 3.4 മാതൃകകൾ നടത്തിയ രീതി

മുൻപ് നടത്തിയിട്ടുള്ള പഠനങ്ങളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയാണ് ദ്വിതീയ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ തയ്യാറാക്കിയത്. പദ്ധതി ബാധിത പ്രദേശങ്ങളിൽ നടത്തിയ സർവ്വേയിൽ പദ്ധതി ബാധിതരുടെ വിവരങ്ങളും അവിടുത്തെ ജനങ്ങളുടെ ഭൗതികവും, സാമൂഹികവും, സാമ്പത്തികവും സംസ്ക്കാരികവുമായ അവസ്ഥകളെക്കുറിച്ചും മനസിലാക്കുവാനും സാധിച്ചു.

## 3.5. വിവര സ്രോതസ്സിന്റെ അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിന്റെ വിശദമായ പഠനം ആരംഭിക്കുന്നതിന് മുമ്പ് സാമൂഹ്യ - സാമ്പത്തിക സർവ്വേയുടെ സ്ഥല സന്ദർശനവും പ്രാരംഭ പഠനം നടത്തുകയും ചെയ്തു. കൂടാതെ വിവരദാതാവുമായി സംസാരിക്കുകയും അവരുടെ പ്രതികരണങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. അഭിമുഖ സംഭാഷണ ഷെഡ്യൂളിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും സംഘം നടത്തി.

പഴയ റിക്വസിഷൻ പ്രകാരം ജൂൺ 2018 -ന് സംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും പദ്ധതി രൂപ രേഖയിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ വ്യക്തമായി മനസ്സിലാക്കുകയും ചെയ്തു. അതിനുശേഷം പദ്ധതി പ്രദേശത്തെ ജനങ്ങളുമായി പദ്ധതിയെക്കുറിച്ച് സംസാരിക്കുകയും അവരിൽ ഇതിനെക്കുറിച്ചുള്ള അവബോധം ഉ ാക്കിയെടുക്കുവാനായി യോഗം നടത്തുകയും ചെയ്തു. ജൂൺ മാസം സംഘം വിവരങ്ങൾ ശേഖരിച്ചു.

ഈരാറ്റുപേട്ട ബൈപ്പാസ് റീച്ച് 1 വികസനത്തിനായി സ്ഥലം ഏറ്റെടുക്കൽ പ്രകാരം PWD അധികൃതർ സമർപ്പിച്ചിരുന്ന റിക്വസിഷനിൽ അലൈൻമെന്റിൽ ഉള്ള എല്ലാ സർവ്വെ നമ്പറുകളും ഉൾപ്പെട്ടിരുന്നില്ല എന്ന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ, പാലാ

യിൽനിന്ന് 1.12.18ലെ കത്തിൽ പരാമർശിച്ചിരുന്നു. ഇതിൻപ്രകാരം ജനുവരി 2019 -ന് സംഘം പദ്ധതി പ്രദേശം സന്ദർശിച്ചു.

ഇതിൻപ്രകാരം 24.1.19-ൽ സ്പെഷ്യൽ തഹസിൽദാർ എൽ.എ.ഓഫീസിൽ നിന്നും സർവ്വയർമാരായ ശ്രീ രാജ്കുമാർ, ശ്രീമതി കുമാരി കെ എന്നിവരും എസ്.ഐ.എ യൂണിറ്റിലെ അംഗങ്ങളുമായ ശ്രീമതി സവിത സജീഷ്, മിനി ജിബീഷ് എന്നിവരും പദ്ധതി പ്രദേശം സന്ദർശിക്കുകയും അളന്നുനോക്കുകയും ചെയ്തു. പഴയ സർവ്വേ നമ്പറുകൾ തന്നെയാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നത് എന്ന് മനസ്സിലാക്കുകയും ബാക്കി 2 സർവ്വേ നമ്പറുകൾ ഇതിൽ ഉൾപ്പെട്ടിട്ടില്ലെന്നും ബാക്കി ഉള്ളവ പുറമ്പോക്ക് ആണ് എന്നും കണ്ടു. (സ്ഥലസന്ദർശന രേഖ റിപ്പോർട്ടിന്റെ അവസാനഭാഗത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്)

## പദ്ധതി ബാധിത പ്രദേശത്തെ ചിത്രങ്ങൾ

## 3.6. തൽപരകക്ഷികളുടെ ആലോചനയുടെ വിവരണം

| ക്രമ നമ്പർ | പേര് | സർവ്വേ നമ്പർ | ഉന്നയിച്ച പ്രശ്നങ്ങൾ ആവശ്യങ്ങൾ | അർത്ഥനാധികാരികൾ നൽകിയ മറുപടി |
|---|---|---|---|---|
| 1. | പി.ടി. തോമസ് പെരുനിലത്ത്, അരുവിത്തുറ പി.ഒ. കോട്ടയം | 21/1 | പദ്ധതി ബാധിത പ്രദേശം ഫലഭൂയിഷ്ഠമായ കൃഷിഭൂമിയാണ്. 75-ഓളം മരങ്ങൾ നഷ്ടപ്പെടുന്നു. റബ്ബർ, ആഞ്ഞിലി, മഹാഗണി എന്നിവയും അതിൽ ഉൾപ്പെടുന്നു. കല്ല് വച്ചുകെട്ടിയ ഒരു മതിൽകെട്ട് നഷ്ടപ്പെടുന്നു. പദ്ധതി പ്രദേശത്തെ വരുമാനദായക വസ്തുക്കളുൾപ്പെടെ. ന്യായമായ നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടു. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള നിയമപ്രകാരമുള്ള നഷ്ട പരിഹാരത്തിന അർഹതയുണ്ട്. |
| 2. | ലീന തോമസ്, പ്ലാത്തോട്ടത്തിൽ, അരുവിത്തുറ പി.ഒ. ഈരാറ്റുപേട്ട | 17/1<br>18/2 | പദ്ധതി ബാധിത പ്രദേശത്ത് തെങ്ങ്, പ്ലാവ്, കെട്ടിടം, ഓട, മതിൽക്കെട്ട് എന്നിവ ഉൾപ്പെടുന്നു. കെട്ടിടം വാടകയ്ക്ക് കൊടുക്കുന്നതാണ് ഉപജീവന മാർഗ്ഗത്തെ ബാധിക്കുന്നു | ,, |
| 3. | ജോമി സെബാസ്റ്റ്യൻ പെരുനിലത്ത് അരുവിത്തുറ | 21/4/2 | പദ്ധതി ബാധിത പ്രദേശത്ത് റബ്ബർ, തേക്ക് എന്നിവയും മതിൽക്കെട്ടും ഉൾപ്പെടുന്നു. വീതി കൂട്ടിയാൽ കിണറും നഷ്ടപ്പെടാം | |
| 4. | ജോഷി സെബാസറ്റ്യൻ പെരുനിലത്ത് അരുവിത്തുറ പി.ഒ | 21/4 | പദ്ധതി ബാധിത പ്രദേശത്ത് വരുമാനദായകമായ വസ്തുക്കൾ (15 റബ്ബർ, പ്ലാവ്, തേക്ക്) ഉൾപ്പെടുന്നു. | |

| | | | | |
|---|---|---|---|---|
| | | | ടിയാളുടെ പ്രധാന വരുമാനമാർഗ്ഗം കൃഷിയാണ്. ഉപജീവന മാർഗ്ഗത്തിൽ നഷ്ടം വരുന്നു. കൂടാതെ ഒരു കരിങ്കൽകെട്ടും കിണറിനായി സ്ഥാനം കണ്ടെത്തിയ സ്ഥലം കൂടിയാണ് നഷ്ടപ്പെടുന്നത്. പദ്ധതി പ്രദേശത്തെ വരുമാനദായക വസ്തുക്കളുൾപ്പെടെ ന്യായമായ നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടു. | |
| 5. | വർക്കി മാത്യു (മാത്യൂസ് ജോർജ്) പ്ലാത്തോട്ടം അരുവിത്തുറ പി.ഒ. വെയിലുകാണാപ്പാറ | 4/1<br>4/4<br>20/4<br>4/6 | പ്രധാന വരുമാനമാർഗ്ഗം റബ്ബർ കൃഷിയാണ്. വരുമാന ദായക വസ്തുക്കളായ റബ്ബർ, ആഞ്ഞിലി, മഹാഗണി, പ്ലാവ്, തേക്ക്, എന്നിവയും കല്ല് വച്ച് കെട്ടിയ ഒരു മതിൽ കെട്ട് പോകുന്നു. ഇതുൾപ്പെടെയുള്ള നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടു. | |
| 6. | മദർ സുപ്പീരിയർ ആരാധന മഠം ഈരാറ്റുപേട്ട | 18/1<br>20/7 | പദ്ധതി ബാധിത പ്രദേശത്ത് റബ്ബറും, മതിൽകെട്ടും ഉൾപ്പെടുന്നു. ന്യായമായ നഷ്ടപരിഹാരത്തുക നൽകണമെന്ന് ആവശ്യപ്പെടും. | |
| 7. | പി.റ്റി. ജോർജ്, പെരുനിലത്ത് പൂഞ്ഞാർ | 4/5 | പദ്ധതി ബാധിത പ്രദേശം കൃഷിസ്ഥലമാണ്. ഇത് പ്രധാന വരുമാന മാർഗ്ഗമാണ്. 50 റബ്ബർ 3 ആഞ്ഞിലി , പ്ലാവ് എന്നിവയും മതിൽകെട്ടും നഷ്ടപ്പെടുന്നു. ഇതുൾപ്പെടെ ന്യായമായ നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടു | |
| 8. | പി.ജെ. തോമസ്, പ്ലാത്തോട്ടത്തിൽ, വെയിലുകാണാപാറ, അരുവിത്തുറ | 4/7 | പദ്ധതി ബാധിത പ്രദേശ കൃഷിസ്ഥലമാണ്. ഉപജീവനമാർഗത്തിൽ നഷ്ടം വരുന്നു. തെങ്ങ്, ആഞ്ഞിലി, മരുത്, കൊടി, റബ്ബർ തൈകൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്. ന്യായമായ നഷ്ടപരിഹാര തുക നൽകണമെന്ന് ഇവർ ആവശ്യപ്പെട്ടു. | |

| | | | | |
|---|---|---|---|---|
| 9. | സുമ തോമസ്,<br>W/o ജോസ് ആന്റണി<br>വെളുത്തേടത്ത് പറമ്പിൽ,<br>പാലാ പി.ഒ., കോട്ടയം | 5/8<br>5/7<br>5/4 | റോഡിനായി 5 അടി കട്ടിങ് വരുമ്പോൾ അടുത്തുള്ള കൃഷിഭൂമിയിലെ മരങ്ങൾ നശിക്കാൻ സാധ്യതയുണ്ട്. കട്ടിങ്ങ് വരുന്നിടത്ത് കല്ല് വച്ചുകെട്ടണമെങ്കിൽ ചിലവുണ്ടെന്നും കൂടാതെ ഒരു കെട്ടിടത്തിന്റെ പകുതി ഭാഗം നശിക്കുന്നുണ്ടെന്നും ഇതുൾപ്പെടെയുള്ള നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടു. | |
| 10. | ലാൽസൺ,<br>പ്ലാത്തോട്ടത്തിൽ<br>വെയിലുകാണാപ്പാറ<br>അരുവിത്തുറ പി.ഒ.<br>ചാക്കോച്ചൻ | 5/5<br>5/1 | പദ്ധതി ബാധിത പ്രദേശത്ത് റബ്ബർ, മഹാഗണി എന്നീ മരങ്ങളും ഒരു മതിൽകെട്ടും ഉൾപ്പെടുന്നു. ഇവയുൾപ്പെടെ ന്യായമായ നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടു. | |
| 11. | സോജൻ വി.മാത്യൂ<br>വരകുകാലപ്പറമ്പിൽ<br>അരുവിത്തുറ,<br>വെയിലുകാണാപാറ | 10/2 | പദ്ധതി ബാധിത പ്രദേശത്ത് വരുമാനദായകമായ റബ്ബർ, ആഞ്ഞിലി, തേക്ക്, പ്ലാവ്, മഹാഗണി എന്നീ മരങ്ങളും കല്ലുകൊണ്ട് കെട്ടിയ ഒരു മതിൽക്കെട്ടും നഷ്ടമാവുന്നു. ഇതുൾപ്പെടെ ന്യായമായ നഷ്ടപരിഹാരതുക നൽകണമെന്ന് ആവശ്യപ്പെട്ടു. | |
| 12. | എൽസി ജോസഫ്,<br>കുന്നേപ്പറമ്പിൽ<br>വെയിലുകാണാപാറ<br>അരുവിത്തുറ പി.ഒ. | 6/5 | പദ്ധതി ബാധിത പ്രദേശത്ത് റബ്ബർ, ആഞ്ഞിലി. തേക്ക് എന്നീ മരങ്ങളും കല്ലുകൊണ്ട് കെട്ടിയ ഒരു മതിൽക്കെട്ടും നഷ്ടമാവുന്നു. ഇതുൾപ്പെടെയുള്ള ന്യായമായ നഷ്ടപരിഹാരതുക നൽകണമെന്ന് ആവശ്യപ്പെട്ടു. | |
| 13. | എ.വി.കുര്യാക്കോസ്<br>അരയത്തിനാൽ<br>ആനക്കൽ പി.ഒ.<br>കാഞ്ഞിരപ്പിള്ളി | 9/3 | പദ്ധതി ബാധിത പ്രദേശത്ത് വരുമാനദായകമായ (25 റബ്ബർ, 2 ആഞ്ഞിലി, 3 തേക്ക്, 2 പ്ലാവ് എന്നീ മരങ്ങ ളും, ഒരു മതിൽക്കെട്ട് ഗേറ്റും നഷ്ടമാകുന്നു. ഇതെല്ലാം ഉൾപ്പെടെയുള്ള ന്യായമായ നഷ്ടപരിഹാരത്തുക നൽകണമെന്ന് ആവശ്യപ്പെട്ടു. | |

| | | | | |
|---|---|---|---|---|
| 14. | സിനോ ജോസഫ്, കണ്ടത്തിൽ വെയിലുകാണാപാറ അരുവിത്തുറ | 6/2 | പദ്ധതി ബാധിത പ്രദേശത്ത് 3 തേക്ക്, 1 പ്ലാവ്, 2 തെങ്ങ് എന്നിവ ഉൾപ്പെടുന്നു. കൂടാതെ വീട് വയ്ക്കാൻ നിശ്ചയിച്ച സ്ഥലമാണ് നഷ്ടപ്പെടുന്നത്. ന്യായമായ നഷ്ട പരിഹാര തുക നൽകണമെന്ന് ഇവർ ആവശ്യപ്പെട്ടു. | |
| 15. | മാനുവൽ ടി.ജോസഫ്, തെങ്ങുംമൂട്ടിൽ വെയിലുകാണാപാറ അരുവിത്തുറ | 7/1 | ടിയാളുടെ മക്കൾക്ക് വീട് വയ്ക്കാനുള്ള സ്ഥലമാണ് നഷ്ടമാവുന്ന്. കൂടാതെ ആഞ്ഞിലി, മഹാഗണി എന്നീ വൃക്ഷങ്ങൾ നഷ്ടപ്പെടുന്നുണ്ട്. ന്യായമായ നഷ്ടപരിഹാരതുക നൽകണമെന്ന് ആവശ്യപ്പെട്ടു. | |
| 16. | പി.റ്റി. തോമസ്, പുതുപ്പറമ്പിൽ, വെയിലുകാണാപ്പാറ അരുവിത്തുറ പി.ഒ. | 7/1-2 | മതിൽക്കെട്ട് വന്നാൽ മാത്രം ടിയാളുടെ വീട്ടിലേക്കുള്ള വഴി നഷ്ടമാവുന്നു. ന്യായമായ നഷ്ടപരിഹാര തുക നൽകണമെന്ന് ആവശ്യപ്പെട്ടു. | |
| 17. | ലൂക്കോസ് പി.റ്റി. പുതുപ്പറമ്പിൽ, വെയിലുകാണാപ്പാറ | 7/4 | പദ്ധതി ബാധിത പ്രദേശത്ത് 3 തേക്ക്, 2 ആഞ്ഞിലി, 2 മഹാഗണി എന്നീ വൃങ്ങളും കല്ലുകൊണ്ടുള്ള കെട്ടും നിലനിൽക്കുന്നു. ന്യായമായ നഷ്ടപരിഹാര തുക നൽകണമെന്ന് അറിയിച്ചു | |
| 18. | സെന്റ് ജോർജ്ജ് ഫെറോന ചർച്ച് | 9/2 | പദ്ധതി ബാധിത പ്രദേശത്ത് സ്ഥലം, കെട്ടിടം, സ്കൂളിന്റെ ബാക്ക് എന്നിവ നഷ്ടമാകുന്നുണ്ട്. ന്യായമായ നഷ്ടപരിഹാരതുക നൽകണമെന്ന് ആവശ്യപ്പെട്ടു. | |
| 19 | ബീന ജേക്കബ്ബ് | 19/1<br>20/1 | വിവരങ്ങൾ ലഭ്യമായില്ല. വില്ലേജിൽ നൽകിയ കത്ത് പ്രകാരം ഈ സ്ഥലം സംബന്ധിച്ച് കരം അടയ്ക്കുകയോ പോക്കുവരവ് നടത്തുകയും ചെയ്തിട്ടില്ല എന്ന് അറിയാൻ കഴി ഞ്ഞു (ഇതിന്റെ രേഖ റിപ്പോർട്ടിന്റെ അവസാനം ഉൾപ്പെടുത്തിയിട്ടുണ്ട്.) | |

| | | | | |
|---|---|---|---|---|
| 20 | സക്കറിയ ഫ്രാൻസിസ് | 20/5 | വിവരങ്ങൾ ലഭ്യമായില്ല. വില്ലേജിൽ നൽകിയ കത്ത് പ്രകാരം ഈ സ്ഥലം സംബന്ധിച്ച് കരം അട യ്ക്കുകയോ പോക്കുവരവ് നടത്തു കയും ചെയ്തിട്ടില്ല എന്ന് അറി യാൻ കഴി ഞ്ഞു (ഇതിന്റെ രേഖ റിപ്പോർട്ടിന്റെ അവസാനം ഉൾപ്പെടു ത്തിയിട്ടുണ്ട്.) | |
| 21 | പുറമ്പോക്ക് പൂഞ്ഞാർ | 20/6,19/2,18/3 | സർക്കാർ വഴി | |
| 22 | പുറമ്പോക്ക് ഈരാറ്റുപേട്ട | 10/1, 5/3,4/3,9/1 | സർക്കാർ | |
| 23 | തോമസ് കൊച്ചുപുരക്കൽ | 4/2 | അലൈൻമെന്റിൽ ഉൾപ്പെടുന്നില്ല. സ്ഥലം പദ്ധതി ബാധിത പ്രദേശവു മായി 70 മീറ്റർ മാറിയാണ് സ്ഥിതി ചെയ്യുന്നത്. | |
| 24 | ദേവസ്യ ചക്കാലക്കൽ | 5/2 | അലൈൻമെന്റിൽ ഉൾപ്പെടുന്നില്ല. പദ്ധതി ബാധിത പ്രദേശവുമായി 27.8 മീറ്റർ വടക്കും 42 മീറ്റർ തെക്കു മാറിയാണ് സ്ഥലം സ്ഥിതി ചെയ്യു ന്നത്. | |

## 3.7 നടത്തിയിട്ടുള്ള പൊതുവിസ്താരത്തിന്റെ ചുരുങ്ങിയ വിവരണം

## പബ്ലിക് ഹിയറിംങ്

ഈരാറ്റുപേട്ട എം.ഇ. എസ് ജംഗ്ഷൻ ബൈപാസ് റോഡിന വേണ്ടി സ്ഥലം ഏറ്റെടുക്കുന്നത് മീനച്ചിൽ താലൂക്കിലെ പൂഞ്ഞാർ വില്ലേജ് ബ്ലോക്ക് നമ്പർ 70ലും ഈരാറ്റുപേട്ട വില്ലേജ് ബ്ലോക്ക് നമ്പർ 45 ലും ഉൾപ്പെട്ട ഭൂവുടമകളും അധികാരികളുമായുള്ള പബ്ലിക് ഹിയറിംഗ് പഴയ റിക്വസിഷൻ പ്രകാരം 2018 ജൂലൈ 9-ാം തീയതി തിങ്കളാഴ്ച രാവിലെ 10.30 മണിക്ക് ഈരാറ്റുപേട്ട PWD ഗസ്റ്റ് ഹൗസിൽ വച്ച് നടത്തി.

എൽ. എ ഓഫീസിൽനിന്നും റവന്യൂ ഇൻസ്പെക്ടർ ശ്രീമതി അമ്പിളി, യു. ഡി. സി ശ്രീമതി ഗീത കെ, വാല്യുവേഷൻ അസിസ്റ്റന്റ് ശ്രീമതി ലൂസി എൻ.എം, റവന്യൂ ഇൻസ്പെക്ടർ ശ്രീമതി ഹണി ഐസക്ക്, ഈരാറ്റുപേട്ട വില്ലേജ് ഓഫീസർ ശ്രീ. .കെ. ആർ വിജയകുമാർ,

പൂഞ്ഞാർ വില്ലേജ് ഓഫീസർ ശ്രീമതി. പി. എൻ ശ്യാമളകുമാരി, പൂഞ്ഞാർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. രമേഷ് ബി വെട്ടിമറ്റം, ഹെഡ് ക്ലർക്ക് ശ്രീമതി ഷീന എസ്, PWD അസിസ്റ്റന്റ് എൻഞ്ചിനീയർ ശ്രീമതി. അനു M.R യൂത്ത് സോഷ്യൽ സർവ്വീസ് പഠനസംഘം അംഗങ്ങൾ തുടങ്ങിയവരുൾപ്പെടെയുള്ളവർ പങ്കെടുത്തു.

പബ്ലിക് ഹിയറിംങ്ങിൽ പങ്കെടുത്ത ഭൂവുടമകളും അവരുടെ പ്രശ്നങ്ങളും സംശയങ്ങളും അധികാരികളുടെ മുൻപിൽ അവതരിപ്പിച്ചു. സ്ഥലത്തിന്റെ മൂല്യനിർണയത്തെക്കുറിച്ചും പദ്ധതി പ്രദേശങ്ങളിലുൾപ്പെടുന്ന മറ്റും വസ്തുക്കളുടെ മൂല്യനിർണയത്തെക്കുറിച്ചും എല്ലാവർക്കും ആശങ്കയുണ്ടായിരുന്നു.ചിലരുടെ സംശയം നഷ്ടപരിഹാരം കിട്ടിയതിനശേഷമാണോ സ്ഥലം ഏറ്റെടുക്കുന്നത് എന്നതിനെക്കുറിച്ചായിരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിന വേണ്ടി കല്ലിട്ടടത് മാറ്റം വരുമോയെന്ന് ചിലർ സംശയം പ്രകടിപ്പിച്ചു. റോഡിന വീതി എത്രവരുമെന്നും റോഡിന ചേർന്നുള്ള പ്രദേശം കെട്ടികൊടുക്കുമോമെന്ന് ഒരു വ്യക്തി ചോദിച്ചു. മറ്റൊരു വ്യക്തിയുടെ റോഡിന മതിൽകെട്ട് വന്നാൽ വഴിയും നഷ്ടപ്പെടുന്നതിനെക്കുറിച്ച് ആശങ്ക പ്രകടിപ്പിച്ചു.

## അധികാരികളുടെ മറുപടി

സാമൂഹ്യ ആഘാത പഠനത്തിനുശേഷം റിപ്പോർട്ട് അയച്ച് കളക്ടറുമായുള്ള മീറ്റിംഗിനുശേഷം തീരുമാനിക്കുന്ന പർച്ചേഴ്സ് കമ്മിറ്റിയാണ് നിശ്ചയിക്കുന്നതെന്നും ഓരോ സബ് ഡിവിഷന്റെയും വിശദീകരണത്തിന ശേഷം 5 കിലോ മീറ്റർ ചുറ്റളവിലുള്ള സർവ്വെ നമ്പറുകളുടെ സമാന ആധാരം എടുത്തിട്ടാണ് മൂല്യ നിർണ്ണയം നടത്തുന്നതെന്നും എൽ. എ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടർ അറിയിച്ചു. അടിസ്ഥാന വില കണക്കാക്കുന്നത് ശരാശരി കിട്ടുന്നതിന്റെ ഇരട്ടി ചേർത്താണെന്നും മെയിൻ റോഡിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്തിന കൂടുതൽ വില ലഭിക്കുമെന്നും അറിയിച്ചു. സ്ഥാപനങ്ങളുടെ വാല്യുവേഷൻ നിശ്ചയിക്കുന്നത് PWD ആണ്. കൽക്കെട്ട് മരങ്ങൾ തുടങ്ങിയവയുടെയെല്ലാം ലിസ്റ്റ് തയ്യാറാക്കി PWD ലേക്ക് കൈമാറും.

മരങ്ങളുടെ വാല്യുവേഷൻ നടത്തുന്നത് ഫോറസ്റ്റ് റെയ്ഞ്ചർ ആണ്. തേക്ക്, മഹാഗണി, ആഞ്ഞിലി, തുടങ്ങിയവയ്ക്ക് ഉയർന്ന വില ലഭിക്കുമെന്നും റബർ, തെങ്ങ്, എന്നിവയ്ക്ക് വിറകിന്റെ വിലയെ ഉണ്ടാവുകയുള്ളൂ എന്ന് ചർച്ചയിൽ പറഞ്ഞു. നഷ്ടപരിഹാരത്തുക നൽകിയതിനശേഷമേ സ്ഥലം ഏറ്റെടുക്കുകയുള്ളൂയെന്നും അലൈൻമെന്റിൽ മാറ്റം വരില്ലെന്നും കക്ഷിയുടെ ചോദ്യത്തിന മറുപടിയായി ബന്ധപ്പെട്ട അധികാരികൾ പറഞ്ഞു.

റോഡിന്റെ വീതിക്ക് വളവുകളനുസരിച്ച് വ്യത്യാസം വരുമെന്നും റോഡിന് താഴെയുള്ള സ്ഥലം കല്ല് കെട്ടി കൊടുക്കുമെന്നും റോഡിന് മേലെയുള്ള സ്ഥലം കുറച്ച് കെട്ടികൊടുക്കുമെന്നും അറിയിച്ചു. ജലസ്രോതസ്സുകൾ പരമാവധി സംരക്ഷിക്കുമെന്നും ഉറപ്പു കൊടുത്തു. സ്ഥലം എത്ര നഷ്ടപ്പെടുന്ന എന്ന് സർവ്വയർ വന്ന് അളന്നതിനശേഷമേ കൃത്യമായി പറയാൻ സാധിക്കുയെന്ന് കക്ഷികളുടെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു. വഴി നഷ്ടപ്പെമാകാതെ പരമാവധി സംരക്ഷിക്കുമെന്നും സ്ഥലം ഏറ്റെടുക്കുന്നത് കൊണ്ട് ഭൂവുടമകൾക്ക് പ്രയോജനം മാത്രമേ ഉണ്ടാവുകയുള്ളൂയെന്ന് അറിയിച്ചുകൊണ്ട് പബ്ലിക് ഹിയറിംങ്ങ് അവസാനിപ്പിച്ചു.

## പുതിയ റിക്വസിഷനെക്കുറിച്ചുള്ള വിവരണം

ഈരാറ്റുപേട്ട ബൈപ്പാസ് റീച്ച് 1 വികസനത്തിനായി സ്ഥലം ഏറ്റെടുക്കൽ പ്രകാരം PWD അധികൃതർ സമർപ്പിച്ചിരുന്ന റിക്വസിഷനിൽ അലൈൻമെന്റിൽ ഉള്ള എല്ലാ സർവ്വെ നമ്പറുകളും ഉൾപ്പെട്ടിരുന്നില്ല എന്ന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ, പാലാ യിൽനിന്ന് 1.12.18ലെ കത്തിൽ പരാമർശിച്ചിരുന്നു.

പുതുക്കിയ റിക്വസിഷൻ അനുസരിച്ചുള്ള സർവ്വെ നമ്പറുകളുടെ പേര് വിവരങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ SIA നടത്തിയ പഠനത്തിൽ രണ്ട് സർവ്വെ നമ്പറുകൾ ഈരാറ്റു പേട്ട ബൈപ്പാസ് റീച്ച് 1ൽ ഉൾപ്പെടുന്നില്ലായെന്ന് കണ്ടെത്തി. ഈ വിവരം എൽ.എ. ഓഫീ സിൽ അറിയിക്കുകയും ഇത് സ്ഥിതീകരിക്കുന്നതിനുവേണ്ടി സ്ഥലം അളന്ന് തിട്ടപ്പെടുത്താൻ സർവ്വെയറെ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

ഇതിൻപ്രകാരം 24.1.19-ൽ സ്പെഷ്യൽ തഹസിൽദാർ എൽ.എ.ഓഫീസിൽ നിന്നും സർവ്വയർമാരായ ശ്രീ രാജ്കുമാർ, ശ്രീമതി കുമാരി കെ എന്നിവരും എസ്.ഐ.എ യൂണിറ്റിലെ അംഗങ്ങളുമായ ശ്രീമതി സവിത സജീഷ്, മിനി ജിബീഷ് എന്നിവരും പദ്ധതി പ്രദേശം സന്ദർ ശിക്കുകയും അളന്നുനോക്കുകയും ചെയ്തു. ഇതിൽ 4/2 സർവ്വെ നമ്പറിൽപ്പെട്ട തോമസ് കൊച്ചുപുരയ്ക്കലിന്റെ സ്ഥലം പദ്ധതി ബാധിത പ്രദേശവുമായി 70 മീറ്റർ മാറിയാണ് സ്ഥിതി ചെയ്യുന്നത്. മറ്റൊന്നായ 5/2 സർവ്വെനമ്പറിൽ ഉൾപ്പെട്ട ദേവസ്യ ചക്കാലയ്ക്കൻ സ്ഥലം പദ്ധതി ബാധിത പ്രദേശവുമായി 27.8 മീറ്റർ വടക്കും 42 മീറ്റർ തെക്കുമാറിയാണ് സ്ഥിതി ചെയ്യുന്ന തെന്ന് കണ്ടെത്തി (സ്ഥലസന്ദർശനരേഖ റിപ്പോർട്ടിന്റെ അവസാനഭാഗത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്)

പുതുക്കിയ റിക്വസിഷൻ അനുസരിച്ച് വരുന്ന സർവ്വെ നമ്പറുകളിൽ 7 സർവ്വെ നമ്പറു കൾ സർക്കാർ പുറമ്പോക്കിൽ ഉൾപ്പെടുന്നു. 2 സർവ്വെ നമ്പറുകൾ ലഭ്യമാവാത്തതിന്റെ അടി

സ്ഥാനത്തിൽ വില്ലേജിൽ നൽകിയ കത്ത് പ്രകാരം ഈ സ്ഥലം സംബന്ധിച്ച് കരം അടയ്ക്കുകയോ പോക്കുവരവ് നടത്തുകയും ചെയ്തിട്ടില്ല എന്ന് അറിയാൻ കഴിഞ്ഞു (ഇതിന്റെ രേഖ റിപ്പോർട്ടിന്റെ അവസാനം ഉൾപ്പെടുത്തിയിട്ടുണ്ട്.)

പുതിയ റിക്വസിഷൻ പ്രകാരം പഴയ സർവ്വേ നമ്പരുകൾ തന്നെ ആയതിനാലും ബാക്കിയുള്ള സർവ്വേ നമ്പർ പുറമ്പോക്ക് ആണ്. ആയതിനാൽ പബ്ലിക്ക് ഹിയറിംഗ് ആവശ്യമായി വരുന്നില്ല.

## പബ്ലിക് ഹിയറിംഗ് ഫോട്ടോസ്







## അദ്ധ്യായം : 4

# സ്ഥലത്തിന്റെ മൂല്യനിർണ്ണയം

### 4.1 പശ്ചാത്തലം

പദ്ധതി ബാധിത വ്യക്തികളെയും അവരുടെ കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി 2018 ജൂൺ മാസങ്ങളിൽ സാമൂഹികാഘാത പഠന യൂണിറ്റ് സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തുകയുണ്ടായി കുടുംബത്തിന്റെ വരുമാനമാർഗം, ഉപയോഗയോഗ്യമായ വസ്തു വകകൾ ,ഉപജീവന മാർഗം എന്നിവയെ നിർദിഷ്ട പദ്ധതി എങ്ങിനെയെല്ലാം ബാധിക്കും എന്ന് ഈ സർവേയിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു. മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലിയാണ് ഇതിനായി ഉപയോഗിച്ചത്. പദ്ധതി ബാധിത കുടുംബത്തിന്റെയോ സ്ഥാപനങ്ങളുടെയോ സാമൂഹിക സാമ്പത്തിക ഘടന, വസ്തുവകകളുടെ തരം, സ്വത്തിന്മേൽ ഉള്ള അവകാശം, എന്തൊക്കെ പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാം, അതിന്റെ വ്യാപ്തി, ബാധിത വസ്തുവകകളുടെ വിവരണങ്ങൾ, എന്നിവ നിർണയിക്കുക എന്നതായിരുന്നു ഈ സർവേയുടെ പ്രധാന ലക്ഷ്യം. സർവേയുടെ കണ്ടെത്തലുകളും പ്രശ്നത്തിന്റെ വ്യാപ്തിയും ചുവടെ ചേർക്കുന്നു.

### 4.2 പദ്ധതിയുടെ സ്വാധീനംമൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

| ക്രമ നമ്പർ | പേര് | സർവ്വേ നമ്പർ | ഉന്നയിച്ച പ്രശ്നങ്ങൾ ആവശ്യങ്ങൾ | അർത്ഥനാധികാരികൾ നൽകിയ മറുപടി |
|---|---|---|---|---|
| 1. | പി.ടി. തോമസ് പെരുനിലത്ത്, അരുവിത്തുറ പി.ഒ. കോട്ടയം | 21/1 | പദ്ധതി ബാധിത പ്രദേശം ഫലഭൂയിഷ്ഠമായ കൃഷിഭൂമിയാണ്. 75-ഓളം മരങ്ങൾ നഷ്ടപ്പെടുന്നു. റബ്ബർ, ആഞ്ഞിലി, മഹാഗണി എന്നിവയും അതിൽ ഉൾപ്പെടുന്നു. കല്ല് വച്ചുകെട്ടിയ ഒരു മതിൽ കെട്ട് നഷ്ടപ്പെടുന്നു. പദ്ധതി പ്രദേശത്തെ വരുമാനദായക വസ്തുക്കളുൾപ്പെടെ. ന്യായമായ നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടു. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള നിയമപ്രകാരമുള്ള നഷ്ട പരിഹാരത്തിന അർഹതയുണ്ട്. |
| 2. | ലീന തോമസ്, | 17/1 | പദ്ധതി ബാധിത പ്രദേശത്ത് | ” |

| | | | | |
|---|---|---|---|---|
| | പ്ലാത്തോട്ടത്തിൽ,<br>അരുവിത്തുറ പി.ഒ.<br>ഈരാറ്റുപേട്ട | 18/2 | തെങ്ങ്, പ്ലാവ്, കെട്ടിടം, ഓട, മതിൽക്കെട്ട് എന്നിവ ഉൾപ്പെടുന്നു. കെട്ടിടം വാടകയ്ക്ക് കൊടുക്കുന്നതാണ് ഉപജീവന മാർഗ്ഗത്തെ ബാധിക്കുന്നു | |
| 3. | ജോമി സെബാസ്റ്റ്യൻ<br>പെരുനിലത്ത്<br>അരുവിത്തുറ | 21/4 / 2 | പദ്ധതി ബാധിത പ്രദേശത്ത് റബ്ബർ, തേക്ക് എന്നിവയും മതിൽക്കെട്ടും ഉൾപ്പെടുന്നു. വീതി കൂട്ടിയാൽ കിണറും നഷ്ടപ്പെടാം | |
| 4. | ജോഷി സെബാസ്റ്റ്യൻ<br>പെരുനിലത്ത്<br>അരുവിത്തുറ പി.ഒ | 21/4 | പദ്ധതി ബാധിത പ്രദേശത്ത് വരുമാനദായകമായ വസ്തുക്കൾ (15 റബ്ബർ, പ്ലാവ്, തേക്ക്) ഉൾപ്പെടുന്നു. ടിയാളുടെ പ്രധാന വരുമാനമാർഗ്ഗം കൃഷിയാണ്. ഉപജീവന മാർഗ്ഗത്തിൽ നഷ്ടം വരുന്നു. കൂ ടാതെ ഒരു കരിങ്കൽ കെട്ടും കിണറിനായി സ്ഥാനം കണ്ടെത്തിയ സ്ഥലം കൂടിയാണ് നഷ്ടപ്പെടുന്നത്. പദ്ധതി പ്രദേശത്തെ വരുമാനദായക വസ്തുക്കളുൾ പ്പെടെ ന്യായമായ നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടു. | |
| 5. | വർക്കി മാത്യു<br>(മാത്യൂസ് ജോർജ്)<br>പ്ലാത്തോട്ടം<br>അരുവിത്തുറ പി.ഒ.<br>വെയിലുകാണാപ്പാറ | 4/1<br>4/4<br>20/4<br>4/6 | പ്രധാന വരുമാനമാർഗ്ഗം റബ്ബർ കൃഷിയാണ്. വരുമാന ദായക വസ്തുക്കളായ റബ്ബർ, ആഞ്ഞിലി, മഹാഗണി, പ്ലാവ്, തേക്ക്, എന്നിവയും കല്ല് വച്ച് കെട്ടിയ ഒരു മതിൽ കെട്ട് പോകുന്നു. ഇതുൾപ്പെടെയുള്ള നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടു. | |
| 6. | മദർ സുപ്പീരിയർ<br>ആരാധന മഠം | 18/1<br>20/7 | പദ്ധതി ബാധിത പ്രദേശത്ത് റബ്ബറും, മതിൽകെട്ടും ഉൾപ്പെടുന്നു. ന്യായമായ നഷ്ടപരിഹാര | |

| | | | | |
|---|---|---|---|---|
| | ഈരാറ്റുപേട്ട | | ത്തുക നൽകണമെന്ന് ആവശ്യ പ്പെടും. | |
| 7. | പി.റ്റി. ജോർജ്, പെരുനിലത്ത് പൂഞ്ഞാർ | 4/5 | പദ്ധതി ബാധിത പ്രദേശം കൃഷി സ്ഥലമാണ്. ഇത് പ്രധാന വരുമാന മാർഗ്ഗമാണ്. 50 റബ്ബർ 3 ആ ഞ്ഞിലി , പ്ലാവ് എന്നിവയും മതി ൽകെട്ടും നഷ്ടപ്പെടുന്നു. ഇതുൾ പ്പെടെ ന്യായമായ നഷ്ടപരിഹാ രം നൽകണമെന്ന് ആവശ്യപ്പെട്ടു | |
| 8. | പി.ജെ. തോമസ്, പ്ലാത്തോ ട്ടത്തിൽ, വെയിലുകാണാ പാറ, അരുവിത്തുറ | 4/7 | പദ്ധതി ബാധിത പ്രദേശ കൃഷി സ്ഥലമാണ്. ഉപജീവനമാർഗ ത്തിൽ നഷ്ടം വരുന്നു. തെങ്ങ്, ആഞ്ഞിലി, മരുത്, കൊടി, റബ്ബർ തൈകൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്. ന്യായ മായ നഷ്ടപരിഹാര തുക നൽ കണമെന്ന് ഇവർ ആവശ്യപ്പെട്ടു. | |
| 9. | സുമ തോമസ്, W/o ജോസ് ആന്റണി വെളുത്തേടത്ത് പറമ്പിൽ, പാലാ പി.ഒ., കോട്ടയം | 5/8<br>5/7<br>5/4 | റോഡിനായി 5 അടി കട്ടിങ് വരുമ്പോൾ അടുത്തുള്ള കൃഷി ഭൂമിയിലെ മരങ്ങൾ നശിക്കാൻ സാധ്യതയുണ്ട്. കട്ടിങ്ങ് വരു ന്നിടത്ത് കല്ല് വച്ചുകെട്ടണമെ ങ്കിൽ ചിലവുണ്ടെന്നും കൂടാതെ ഒരു കെട്ടിടത്തിന്റെ പകുതി ഭാഗം നശിക്കുന്നുണ്ടെന്നും ഇതുൾപ്പെടെയുള്ള നഷ്ടപരി ഹാരം നൽകണമെന്ന് ആവശ്യ പ്പെട്ടു. | |
| 10. | ലാൽസൺ, പ്ലാത്തോട്ടത്തിൽ വെയിലുകാണാപ്പാറ അരു വിത്തുറ പി.ഒ. ചാക്കോച്ചൻ | 5/5<br>5/1 | പദ്ധതി ബാധിത പ്രദേശത്ത് റബ്ബർ, മഹാഗണി എന്നീ മര ങ്ങളും ഒരു മതിൽകെട്ടും ഉൾപ്പെടുന്നു. ഇവയുൾപ്പെടെ ന്യായമായ നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടു. | |

| | | | | |
|---|---|---|---|---|
| 11. | സോജൻ വി.മാത്യൂ വരകുകാലപ്പറമ്പിൽ അരുവിത്തുറ, വെയിലുകാണാപാറ | 10/2 | പദ്ധതി ബാധിത പ്രദേശത്ത് വരുമാനദായകമായ റബ്ബർ, ആഞ്ഞിലി, തേക്ക്, പ്ലാവ്, മഹാഗണി എന്നീ മരങ്ങളും കല്ലുകൊണ്ട് കെട്ടിയ ഒരു മതിൽക്കെട്ടും നഷ്ടമാവുന്നു. ഇതുൾപ്പെടെ ന്യായമായ നഷ്ടപരിഹാരതുക നൽകണമെന്ന് ആവശ്യപ്പെട്ടു. | |
| 12. | എൽസി ജോസഫ്, കുന്നേപ്പറമ്പിൽ വെയിലുകാണാപാറ അരുവിത്തുറ പി.ഒ. | 6/5 | പദ്ധതി ബാധിത പ്രദേശത്ത് റബ്ബർ, ആഞ്ഞിലി. തേക്ക് എന്നീ മരങ്ങളും കല്ലുകൊണ്ട് കെട്ടിയ ഒരു മതിൽക്കെട്ടും നഷ്ടമാവുന്നു. ഇതുൾപ്പെടെയുള്ള ന്യായമായ നഷ്ടപരിഹാരതുക നൽകണമെന്ന് ആവശ്യപ്പെട്ടു. | |
| 13. | എ.വി.കുര്യാക്കോസ് അരയത്തിനാൽ ആനക്കൽ പി.ഒ. കാഞ്ഞിരപ്പിള്ളി | 9/3 | പദ്ധതി ബാധിത പ്രദേശത്ത് വരുമാനദായകമായ (25 റബ്ബർ, 2 ആഞ്ഞിലി, 3 തേക്ക്, 2 പ്ലാവ് എന്നീ മരങ്ങളും, ഒരു മതിൽക്കെട്ട് ഗേറ്റും നഷ്ടമാകുനനു. ഇതെല്ലാം ഉൾപ്പെടെയുള്ള ന്യായമായ നഷ്ടപരിഹാരത്തുക നൽകണമെന്ന് ആവശ്യപ്പെട്ടു. | |
| 14. | സിനോ ജോസഫ്, കണ്ടത്തിൽ വെയിലുകാണാപാറ അരുവിത്തുറ | 6/2 | പദ്ധതി ബാധിത പ്രദേശത്ത് 3 തേക്ക്, 1 പ്ലാവ്, 2 തെങ്ങ് എന്നിവ ഉൾപ്പെടുന്നു. കൂടാതെ വീട് വയ്ക്കാൻ നിശ്ചയിച്ച സ്ഥലമാണ് നഷ്ടപ്പെടുന്നത്. ന്യായമായ നഷ്ടപരിഹാരതുക നൽകണമെന്ന് ഇവർ ആവശ്യപ്പെട്ടു. | |
| 15. | മാനുവൽ ടി.ജോസഫ്, | 7/1 | ടിയാളുടെ മക്കൾക്ക് വീട് | |

| | | | | |
|---|---|---|---|---|
| | തെങ്ങുംമൂട്ടിൽ<br>വെയിലുകാണാപാറ<br>അരുവിത്തുറ | | വയ്ക്കാനുള്ള സ്ഥലമാണ് നഷ്ടമാവുന്ന്. കൂടാതെ ആഞ്ഞിലി, മഹാഗണി എന്നീ വൃക്ഷങ്ങൾ നഷ്ടപ്പെടുന്നുണ്ട്. ന്യായമായ നഷ്ടപരിഹാരതുക നൽകണമെന്ന് ആവശ്യപ്പെട്ടു. | |
| 16. | പി.റ്റി. തോമസ്,<br>പുതുപ്പറമ്പിൽ,<br>വെയിലുകാണാപ്പാറ<br>അരുവിത്തുറ പി.ഒ. | 7/1-2 | മതിൽക്കെട്ട് വന്നാൽ മാത്രം ടിയാളുടെ വീട്ടിലേക്കുള്ള വഴി നഷ്ടമാവുന്നു. ന്യായമായ നഷ്ടപരിഹാരതുക നൽകണ മെന്ന് ആവശ്യപ്പെട്ടു. | |
| 17. | ലൂക്കോസ് പി.റ്റി.<br>പുതുപ്പറമ്പിൽ,<br>വെയിലുകാണാപ്പാറ | 7/4 | പദ്ധതി ബാധിത പ്രദേശത്ത് 3 തേക്ക്, 2 ആഞ്ഞിലി, 2 മഹാ ഗണി എന്നീ വൃങ്ങളും കല്ലു കൊണ്ടുള്ള കെട്ടും നില നിൽക്കുന്നു. ന്യായമായ നഷ്ട പരിഹാര തുക നൽകണമെന്ന് അറിയിച്ചു | |
| 18. | സെന്റ് ജോർജ്ജ്<br>ഫെറോന ചർച്ച് | 9/2 | പദ്ധതി ബാധിത പ്രദേശത്ത് സ്ഥലം, കെട്ടിടം, സ്കൂളിന്റെ ബാക്ക് എന്നിവ നഷ്ടമാകുന്നു ണ്ട്. ന്യായമായ നഷ്ടപരിഹാര തുക നൽകണമെന്ന് ആവശ്യ പ്പെട്ടു. | |
| 19 | ബീന ജേക്കബ്ബ് | 19/1<br>20/1 | വിവരങ്ങൾ ലഭ്യമായില്ല, വില്ലേ ജിൽ നൽകിയ കത്ത് പ്രകാരം ഈ സ്ഥലം സംബന്ധിച്ച് കരം അടയ്ക്കുകയോ പോക്കുവരവ് നടത്തുകയും ചെയ്തിട്ടില്ല എന്ന് അറിയാൻ കഴിഞ്ഞു (ഇ തിന്റെ രേഖ റിപ്പോർട്ടിന്റെ അവ സാനം ഉൾപ്പെടുത്തിയിട്ടുണ്ട്.) | |
| 20 | സക്കറിയ ഫ്രാൻസിസ് | 20/5 | വിവരങ്ങൾ ലഭ്യമായില്ല, വില്ലേ ജിൽ നൽകിയ കത്ത് പ്രകാരം ഈ സ്ഥലം സംബന്ധിച്ച് കരം | |

| | | | | |
|---|---|---|---|---|
| | | | അടയ്ക്കുകയോ പോക്കുവരവ് നടത്തുകയും ചെയ്തിട്ടില്ല എന്ന് അറിയാൻ കഴിഞ്ഞു (ഇതിന്റെ രേഖ റിപ്പോർട്ടിന്റെ അവസാനം ഉൾപ്പെടുത്തിയിട്ടുണ്ട്.) | |
| 21 | പുറമ്പോക്ക് പൂഞ്ഞാർ | 20/6,19/2,18/3 | സർക്കാർ വഴി | |
| 22 | പുറമ്പോക്ക് ഈരാറ്റുപേട്ട | 10/1, 5/3,4/3,9/1 | സർക്കാർ | |
| 23 | തോമസ് കൊച്ചുപുരക്കൽ | 4/2 | അലൈൻമെന്റിൽ ഉൾപ്പെടുന്നില്ല. സ്ഥലം പദ്ധതി ബാധിത പ്രദേശവുമായി 70 മീറ്റർ മാറിയാണ് സ്ഥിതി ചെയ്യുന്നത്. | |
| 24 | ദേവസ്യ ചക്കാലക്കൽ | 5/2 | അലൈൻമെന്റിൽ ഉൾപ്പെടുന്നില്ല. പദ്ധതി ബാധിത പ്രദേശവുമായി 27.8 മീറ്റർ വടക്കും 42 മീറ്റർ തെക്കുമാറിയാണ് സ്ഥലം സ്ഥിതി ചെയ്യുന്നത്. | |

## 4.3 വസ്തുവിവര പട്ടിക (നിർദ്ദിഷ്ട പദ്ധതിയുടെ ഭൂപടം)







## 4.4 പദ്ധതിക്കാവശ്യമായ ഭൂമി

രണ്ടു ഘട്ടങ്ങളിലായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്നത്. അതിൽ 1.2600 ഹെക്ടർ ഭൂമിയാണ് ഇപ്പോൾ ഏറ്റെടുക്കൽ നടപടികൾക്ക് വിധേയമാകുന്നത്.

## 4.5 പൊതു ഭൂമിയുടെ ആവശ്യകത

